**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4409** — **13.11.2019 ലെ മറുപടിയ്ക്ക്.**

**<u>പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതി തള്ളുന്നതിന് നടപടി</u>**

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ വായ്പ കുടിശ്ശികകൾ എത്രയെണ്ണം എഴുതി തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ എഴുതി തള്ളൽ പദ്ധതി പ്രകാരം 1,55,616 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ വായ്പ എടുത്ത് കുടിശ്ശിക വന്നിട്ടുള്ള ശാരീരികാവശത യിലായവരുടെയും വായ്പ എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഇത്തരം അപേക്ഷയിലെ മെരിറ്റ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്. |

| | |
|---|---|
| കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | 16542 |
| കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 12 |
| കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 1834 |
| കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 8 |
| പട്ടികജാതി വികസന വകുപ്പ് | 687 |
| സഹകരണ സ്ഥാപനങ്ങൾ | 136533 |
| ആകെ | 155616 |

സെക്ഷൻ ഓഫീസർ